അനുവദിച്ചു. ഇതിൽ കുറെ കലാകാരന്മാർ മരണമടഞ്ഞതിനാൽ 9,73,562 രൂപ ചെലവാകുകയും, ബാക്കി 5,56,438/-രൂപ മിച്ചം വരികയും ചെയ്തിട്ടുണ്ട്.

32 (428) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എത്ര ശുദ്ധജല വിതരണപദ്ധതിക്കാണ് പണം അനുവദിച്ചത്;

(ബി) അനുവദിച്ച പണം ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരമുള്ള ശുദ്ധജല വിതരണ പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. അതുപ്രകാരം, കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കൊയിലാണ്ടി നഗരസഭാ അതിർത്തിയിലും, ചെങ്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് അതിർത്തിയിലും ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി പ്രസ്തുത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി) ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ ആദ്യം കണ്ടെത്തിയ ജലസ്രോതസ് ഉപയോഗപ്രദമല്ലെന്ന് പിന്നീട് കണ്ടതിനാൽ, പുതിയ ജല സ്രോതസ് കണ്ടെത്തേണ്ടി വന്നതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിട്ടത്.

(സി) 1999-2000 വർഷത്തിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

33 (429) ആറൻമുള മണ്ഡലത്തിലെ സമ്പൂർണ്ണ ശുചിത്വ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം പഞ്ചായത്തിലെ കക്കൂസില്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ച് നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

206/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലെ ഒന്നാംഘട്ടം പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല.

(ബി)-(സി) ചോദ്യം ഉദിക്കുന്നില്ല.

34 (430) സാംസ്ക്കാരിക വകുപ്പിന്റെ സഹായധനം

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് സഹായധനം നല്കാറുള്ളത്;

(ബി) അവശകലാകാരന്മാർക്കുള്ള സഹായധനം മാസംതോറും നല്കി വരുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നുമുതലുള്ള തുക കുടിശ്ശികയായിട്ടുണ്ട്;

(ഡി) കുടിശ്ശിക ഉടനെ കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിൽനിന്നും, അവശതയനുഭവിക്കുന്ന കലാകാരന്മാർക്ക് കലാകാരപെൻഷൻ പദ്ധതിപ്രകാരവും, അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് അടിയന്തിര ചികിത്സാപദ്ധതിപ്രകാരവും സഹായധനം നല്കുന്നുണ്ട്. കൂടാതെ, അന്തരിച്ച പി.ജെ. ആന്റണിയുടെ വിധവ മേരി ആന്റണിയ്ക്കും ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ വിധവ ശ്രീമതി ശ്രീദേവി ചങ്ങമ്പുഴയ്ക്കും സഹായധനം നല്കിവരുന്നു.

(ബി)-(ഡി) അവശകലാകാരന്മാർക്കുള്ള സഹായധനം മാസംതോറുമാണ് നല്കിവരുന്നത്. എന്നാൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം ഇതിന് സാധിച്ചിട്ടില്ല. 1998 ഡിസംബർ മുതൽ മേയ് 99 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ് 22.6.99-ൽ അംഗീകരിച്ചു.

35 (431) സാംസ്ക്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പുവർഷം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പുതുതായി ഏതെങ്കിലും സ്ഥാപനങ്ങൾ സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly